# भारतीय जीवन बीमा निगम

# LIFE INSURANCE CORPORATION OF INDIA

## प्रधान मंत्री जन धन योजना

## के तहत जन-धन खाताधारकों

## के लिये रु.30,000/- के

## जीवन बीमा सुरक्षा के

## दावा निपटारा हेतु प्रक्रिया - परिशिष्ट

## PRADHAN MANTRI JAN DHAN YOJANA (PMJDY)

### ADDENDUM - PROCEDURE FOR CLAIM SETTLEMENT UNDER LIFE INSURANCE COVER OF Rs.30,000/- FOR PMJDY ACCOUNT HOLDER

## പ്രധാൻ മന്ത്രി ജൻ ധൻ യോജനയ്ക്ക് (പി എം ജെ ഡി വൈ) കീഴിലുള്ള ലൈഫ് കവർ- പരിഷ്ക്കരിക്കലുകൾ

പ്രധാൻ മന്ത്രി ജൻ ധൻ യോജനയ്ക്ക് (പി എം ജെ ഡി വൈ) കീഴിലുള്ള ലൈഫ് കവറിന് കീഴിൽ വ്യക്തമാക്കിയിരിക്കുന്ന യഥാർത്ഥ നിബന്ധനകളിലെയും വ്യവസ്ഥകളിലെയും അംഗീകാരങ്ങളുമായി/പരിഷ്ക്കരിക്കലുകളുമായി ബന്ധപ്പെട്ട് സാമ്പത്തിക സേവനങ്ങളുടെ വകുപ്പ്, സാമ്പത്തികകാര്യ മന്ത്രാലയം, ഭാരത സർക്കാർ എന്നിവയിൽ നിന്നുള്ള 20.04.2015 തീയതിയ്ക്കുള്ള ലെറ്റർ, റെഫ.: F. No. I-13016/01/2014-Ins.I അനുസരിച്ച്, പരിഷ്ക്കരിച്ച നിബന്ധനകളും വ്യവസ്ഥകളും താഴെപ്പറയുന്നത് പോലെയാണ്:

1. പി എം ജെ ഡി വൈ-യുടെ മാർഗനിർദ്ദേശങ്ങളും സവിശേഷതകളും അനുസരിച്ച്, യോഗ്യതയില്ലാത്ത വിഭാഗങ്ങളുമായി ബന്ധപ്പെട്ടവയ്ക്ക് കീഴിൽ യോഗ്യതയില്ലാത്ത ഒരു വിഭാഗത്തെ ഇങ്ങനെ പരാമർശിക്കുന്നു, "മറ്റൊരുവിധത്തിൽ, അക്കൗണ്ടിൽ നിന്ന് വ്യത്യസ്തമായി ബാങ്കിന്റെ മറ്റേതെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് ലൈഫ് കവർ ഉള്ളവരായ യോഗ്യതയുള്ള അക്കൗണ്ട് ഉടമകൾ, അവർ രണ്ട് പദ്ധതികളിൽ നിന്ന് തിരഞ്ഞെടുക്കുകയും അവയിലേതെങ്കിലും ഒന്നിൽ നിന്നുള്ള പ്രയോജനം നേടുകയും ചെയ്യണം".

   **പരിഷ്ക്കരിക്കലുകൾ :- പി എം ജെ ഡി വൈ പദ്ധതിയ്ക്ക് കീഴിലുള്ള അംഗത്തിന് പരിരക്ഷ നിരസിക്കാനാകില്ലെന്ന് തീരുമാനിച്ചിരിക്കുന്നു; അതേ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തിയിരിക്കുന്ന മറ്റേതെങ്കിലും ഇൻഷുറൻസ് ആനുകൂല്യം പ്രയോജനപ്പെടുത്തുന്നതിനായി അംഗം പൂർണ്ണമായോ ഭാഗികമായോ സ്വയം ഇൻഷുറൻസ് പ്രീമിയം അടയ്ക്കുന്നുവെങ്കിൽ.**

2. പി എം ജെ ഡി വൈ-യുടെ ജോയിന്റ് അക്കൗണ്ടായിരിക്കുന്ന സാഹചര്യത്തിൽ, റിസ്ക് പരിരക്ഷയായ 30,000 രൂപയ്ക്ക് പ്രാഥമിക അക്കൗണ്ട് ഉടമ അയോഗ്യനാണെങ്കിൽ, യോഗ്യതാ വ്യവസ്ഥകൾ പാലിക്കുന്ന രണ്ടാമത്തെ അക്കൗണ്ട് ഉടമയ്ക്ക് 30,000 രൂപയുടെ റിസ്ക് പരിരക്ഷ നൽകാനാകുമോ?

   **പരിഷ്ക്കരിക്കലുകൾ :- പി എം ജെ ഡി വൈ-യുടെ ജോയിന്റ് അക്കൗണ്ടായിരിക്കുന്ന സാഹചര്യത്തിൽ, റിസ്ക് പരിരക്ഷയായ 30,000 രൂപയ്ക്ക് പ്രാഥമിക അക്കൗണ്ട് ഉടമ അയോഗ്യനാണെങ്കിൽ, ലൈഫ് കവറിനുള്ള യോഗ്യതാ വ്യവസ്ഥകൾ പാലിക്കുന്ന രണ്ടാമത്തെ അക്കൗണ്ട് ഉടമയ്ക്ക് 30,000 രൂപയുടെ റിസ്ക് പരിരക്ഷ നൽകണമെന്ന് തീരുമാനിച്ചിരിക്കുന്നു.**

3. പദ്ധതിയുടെ സമയം നീട്ടൽ: മുമ്പ് പദ്ധതി ലഭ്യമായിരുന്നത് 15.08.2015 മുതൽ 26.01.2015 വരെയുള്ള കാലയളവിലായിരുന്നു

   **പരിഷ്ക്കരിക്കലുകൾ :-പദ്ധതി 31.01.2015 വരെ നീട്ടാൻ തീരുമാനിച്ചിരിക്കുന്നു.**

4. അക്കൗണ്ട് ആരംഭിക്കുന്ന തീയതിക്ക് (15 ഓഗസ്റ്റ്, 2015-നും 25 ജനുവരി, 2015-നും ഇടയിൽ ആരംഭിക്കുന്ന അക്കൗണ്ടുകൾ) അക്കൗണ്ട് ഉടമയ്ക്ക് 18 വയസ് പൂർത്തിയായിട്ടില്ലെങ്കിലും, അതിനെത്തുടർന്ന് 18 വയസ് പൂർത്തിയാകുന്നുവെങ്കിൽ (16, ഓഗസ്റ്റ്, 2015-നും 26 ജനുവരി, 2015-നും ഇടയിൽ) ഇത് സാധ്യമാകാം". 26.01.2015-ന് മുമ്പായി അംഗത്തിന് 18 വയസ് പൂർത്തിയാകുന്നുവെങ്കിൽ, പ്രധാൻ മന്ത്രി ജൻ ധൻ യോജനയ്ക്ക് (പി എം ജെ ഡി വൈ) കീഴിലുള്ള ലൈഫ് ഇൻഷുറൻസ് പരിരക്ഷയ്ക്കായി പരിഗണിക്കുമോ.

**പരിഷ്ക്കരിക്കലുകൾ**: - **പ്രായപൂർത്തിയാകാത്ത ഒരു വ്യക്തി** 15 **ഓഗസ്റ്റ്**, 2015-**നും** 26 **ജനുവരി**, 2015-**നും ഇടയിൽ അക്കൗണ്ട് ആരംഭിക്കുന്നുവെങ്കിൽ**, 15.08.2014 **മുതൽ** 26.01.2015 **വരെയുള്ള (ഇപ്പോൾ** 31.01.2015 **വരെ നീട്ടിയിരിക്കുന്നു) കാലയളവിനുള്ളിൽ** 18 **വയസ് പൂർത്തിയാക്കുന്ന വ്യക്തിയ്ക്ക് പി എം ജെ ഡി വൈ-യുടെ കീഴിലുള്ള ലൈഫ് ഇൻഷുറൻസ് പരിരക്ഷയ്ക്ക് യോഗ്യതയുണ്ടെന്ന് പരിഗണിക്കും.**

5. പി എം ജെ ഡി വൈ-യുടെ കീഴിലുള്ള ലൈഫ് കവറിനുള്ള അടിസ്ഥാന യോഗ്യതാ വ്യവസ്ഥകളിലെ ഇനിപ്പറയുന്ന പരിഷ്ക്കരിക്കലുകൾ അംഗീകരിച്ചിരിക്കുന്നു :-

i) <u>യഥാർത്ഥ വ്യവസ്ഥ:-</u> 15.08.2014 മുതൽ 26.01.2015 വരെയുള്ള കാലയളവിലോ ഭാരത സർക്കാർ ദീർഘിപ്പിച്ച് നൽകാനിടയുള്ള മറ്റേതെങ്കിലും കാലളവിലോ, ആദ്യമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്ന റുപേ കാർഡ് ഉള്ള വ്യക്തിയ്ക്ക്.

<u>നവീകരിച്ച യോഗ്യതാ വ്യവസ്ഥ: -</u> 15.08.2014 **മുതൽ** 31.01.2015 **വരെയുള്ള കാലയളവിലോ ഭാരത സർക്കാർ ദീർഘിപ്പിച്ച് നൽകാനിടയുള്ള മറ്റേതെങ്കിലും കാലളവിലോ, ആദ്യമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്ന റുപേ കാർഡ് ഉള്ള വ്യക്തിയ്ക്ക്.**

ii) <u>യഥാർത്ഥ വ്യവസ്ഥ:-</u> ആ വ്യക്തി സാധാരണഗതിയിൽ കുടുംബനാഥനോ/ കുടുംബനാഥയോ കുടുംബത്തിലെ വരുമാനമുള്ള അംഗമോ ആയിരിക്കുകയും 18-നും 59-നും ഇടയിൽ പ്രായമുള്ള ആളായിരിക്കുകയും വേണം (അതായത്, ആ വ്യക്തിയുടെ കുറഞ്ഞ പ്രായം 18 ആയിരിക്കണം, മാത്രമല്ല കൂടിയ പ്രായം 60-ൽ എത്തുകയുമരുത്). കുടുംബനാഥന്റെ/കുടുംബനാഥയുടെ പ്രായം 60 വയസോ അതിലധികമോ ആണെങ്കിൽ, മേൽപ്പറഞ്ഞ പ്രായപരിധിയ്ക്കുള്ളിൽ വരുന്ന കുടുംബത്തിലെ വരുമാനമുള്ള രണ്ടാമത്തെ വ്യക്തിയ്ക്ക് യോഗ്യതയ്ക്ക് വിധേയമായി പരിരക്ഷ ലഭിക്കും.

<u>നവീകരിച്ച യോഗ്യതാ വ്യവസ്ഥ:-</u> **ആ വ്യക്തി ഒരു കുടുംബാംഗമായിരിക്കുകയും**18-**നും** 59-**നും ഇടയിൽ പ്രായമുള്ള ആളായിരിക്കുകയും (അതായത്, ആ വ്യക്തിയുടെ കുറഞ്ഞ പ്രായം** 18 **ആയിരിക്കണം, മാത്രമല്ല കൂടിയ പ്രായം** 60-**ൽ എത്തുകയുമരുത്) ഒപ്പം ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുന്നത് പോലുള്ള മറ്റെല്ലാ യോഗ്യതാ വ്യവസ്ഥകളും പാലിക്കുകയും ചെയ്യണം.**

iii) <u>യഥാർത്ഥ വ്യവസ്ഥ:-</u> ആ വ്യക്തിയ്ക്ക് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ച ഒരു റുപേ കാർഡും ബയോ മെട്രിക് കാർഡും ഉണ്ടായിരിക്കണം, അഥവാ ഇതിനകം ബന്ധിപ്പിക്കാത്ത സാഹചര്യമാണെങ്കിൽ ബാങ്ക് അക്കൗണ്ടിൽ ബന്ധിപ്പിക്കുന്ന നടപടിയിൽ ആയിരിക്കണം.

**നവീകരിച്ച യോഗ്യതാ വ്യവസ്ഥ:- വ്യക്തിയ്ക്ക് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ച ഒരു റുപേ കാർഡും ബയോ മെട്രിക് കാർഡും ഉണ്ടായിരിക്കണം, അഥവാ ഇതിനകം ബന്ധിപ്പിക്കാത്ത സാഹചര്യമാണെങ്കിൽ ബാങ്ക് അക്കൗണ്ടിൽ ബന്ധിപ്പിക്കുന്ന നടപടി കൈക്കൊണ്ടിരിക്കണം. എന്നിരുന്നാലും, ഈ വ്യവസ്ഥ കാരണം ക്ലെയിമുകളൊന്നും നിരസിക്കപ്പെടില്ല.**

iv) <u>യഥാർത്ഥ വ്യവസ്ഥ:-</u> കുടുംബത്തിലെ ഒരംഗത്തിന് മാത്രമേ ഭീമ പദ്ധതിയുടെ പരിരക്ഷ ലഭിക്കൂ, ആ വ്യക്തിയ്ക്ക് ഒന്നിലധികം കാർഡുകൾ/അക്കൗണ്ടുകൾ ഉണ്ടെങ്കിൽ, ഒരു കാർഡിന് കീഴിൽ മാത്രമേ ആനുകൂല്യം അനുവദിക്കൂ. അതായത്, ഓരോ കുടുംബത്തിലെയും ഒരു വ്യക്തിയ്ക്ക് യോഗ്യതാ വ്യവസ്ഥകൾക്ക് വിധേയമായി 30,000 രൂപയുടെ ഏക പരിരക്ഷ ലഭിക്കും.

**നവീകരിച്ച യോഗ്യതാ വ്യവസ്ഥ: - ഒരു വ്യക്തിയ്ക്ക് ഒന്നിലധികം കാർഡുകൾ/ അക്കൗണ്ടുകൾ ഉണ്ടെങ്കിൽ, ഒരു കാർഡിന് കീഴിൽ മാത്രമേ ആനുകൂല്യം അനുവദിക്കൂ. അതായത്, ഒരു വ്യക്തിയ്ക്ക് യോഗ്യതാ വ്യവസ്ഥകൾക്ക് വിധേയമായി 30,000 രൂപയുടെ ഏക പരിരക്ഷ ലഭിക്കും.**

**പി എം ജെ ഡി വൈയ്ക്ക് കീഴിലുള്ള ക്ലെയിം സെറ്റിൽമെന്റുകൾക്കുള്ള മറ്റെല്ലാ നിബന്ധനകളും വ്യവസ്ഥകളും നടപടിക്രമങ്ങളും, യഥാർത്ഥ ക്ലെയിം നടപടിക്രമങ്ങൾ പ്രകാരം മാറ്റമില്ലാതെ തുടരും.**